## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :2555** 12.2.2020 -ൽ മറുപടിയ്ക്ക്

### ടൂറിസം കോറിഡോർ പദ്ധതി

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | വൈപ്പിനിലെ ചെറായി ബീച്ചിനെ മാതൃ ബീച്ചായി വികസിപ്പിച്ചുകൊണ്ട് മുനമ്പം,കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, എളങ്കുന്നപ്പുഴ എന്നീ ബീച്ചുകളെ കോർത്തിണക്കുന്ന ടൂറിസം കോറിഡോർ പദ്ധതി ദീർഘനാളായി തടസ്സപ്പെട്ടു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | ഉണ്ട്. 19.07.2019 തീയതിയിൽ നടന്ന അവലോകനയോഗ പ്രകാരം തീരദേശ പരിപാലന അതോറിറ്റിയുടെ ക്ലീയറൻസ് ബാധകമായ ഘടകങ്ങൾ ഒഴിവാക്കി പാർക്ക്, വാക്ക് വേ, സീറ്റിംഗ്,പാർക്കിംഗ് ഏരിയ, കാന, ലാൻഡ് സ്കേപിഗ് സംരക്ഷണ പ്രവർത്തി, ലൈറ്റിംഗ് മുതലായവ സ്ഥാപിക്കാൻ എക്സിക്യൂട്ടീവ് ഏജൻസിയായ ഹാർബർ എൻജിനീയറിംഗ് വകുപ്പ്, എക്സിക്യൂട്ടീവ് എൻജിനീയറോട് പുതുക്കിയ എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | ബി) | ഹാർബർ എൻജിനീയറിംഗ് വകുപ്പ് സാങ്കേതിക അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ഉടൻ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ